II ഇ.ബി. XIII- കേരള നിയമസഭ/IX-9

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ജൂൺ 20, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

24 (*241) സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾ മിക്ക ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ടെന്നും 2012-13 സാമ്പത്തിക വർഷം 569 എൽ.പി. സ്കൂളുകളും, 503 യു.പി. സ്കൂളുകളും ഉൾപ്പെടെ 1072 സ്കൂളുകളിൽ 72.86 കോടി രൂപ ചെലവഴിച്ച് നവീകരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഹയർ സെക്കന്ററി സ്കൂളുകളുടെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി 2012-13 സാമ്പത്തിക വർഷം 40.15 കോടി രൂപ ചെലവഴിക്കുകയും 2013-14 സാമ്പത്തിക വർഷം 56 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, നവീകരണം എന്നിവയ്ക്കായി വളരെ കുറച്ച് തുക മാത്രമാണ് ഗവൺമെന്റ് വിനിയോഗിക്കുന്നത്. കുറെ വർഷങ്ങളായി തദ്ദേശ ഭരണ

സ്ഥാപനങ്ങളുടെ ഫണ്ട്, എസ്.എസ്.എ. ഫണ്ട്, എം.പി./എം.എൽ.എ. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചാണ് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം/നവീകരണം പൂർത്തിയാക്കിവരുന്നത്. കഴിഞ്ഞ അദ്ധ്യയന വർഷം എസ്.എസ്.എ. ഫണ്ടിൽ നിന്ന് ലഭിച്ച 82.16% തുകയും ഇതിനായി വിനിയോഗിക്കുകയുണ്ടായി. ആർ.എം.എസ്.എ. പദ്ധതി പ്രകാരം സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിബന്ധനയിൽ ഇളവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പല സ്കൂളുകളിലും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള നോംസ് അനുസരിച്ച് എയ്ഡഡ് സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ഇത്തരം ഫണ്ടുകൾ വിനിയോഗിക്കുന്നതിന് സാധിക്കില്ല. വെക്കേഷൻ കാലയളവിൽ തന്നെ പി.ഡബ്ള്യു.ഡി. ഉദ്യോഗസ്ഥർ സ്കൂളുകളുടെ ഫിറ്റ്നസ് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ഈ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി വകുപ്പുതലത്തിലും അദ്ധ്യാപക സംഘടനാതലത്തിലും യോഗങ്ങൾ നടത്തുകയും പ്രവേശനോത്സവം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഈ അദ്ധ്യയന വർഷാരംഭത്തിലേയ്ക്കാവശ്യമായ സ്കൂൾ പാഠപുസ്തകങ്ങളുടെ ഒന്നാംഘട്ട അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുകയും രണ്ടാംഘട്ട അച്ചടി പൂർത്തിയാക്കിവരികയും ചെയ്യുന്നു. ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ വിതരണം ജൂൺ 30-നകം പൂർത്തീകരിക്കുന്നതാണ്. അക്കാദമിക് ചുമതലയുള്ള അഡീഷണൽ ഡി.പി.ഐ. ആയി ശ്രീ. അരുൺകുമാറിനെ നിയമിക്കുകയും പ്രഥമാദ്ധ്യാപക, എ.ഇ.ഒ. തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡി.ഇ.ഒ., ഡി.ഡി.ഇ. തസ്തികകൾ

നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്കൂൾ വിദ്യാർത്ഥി കൾക്കുള്ള സൗജന്യ യൂണിഫോം ആഗസ്റ്റ് മാസം അവസാനത്തോടെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച നടപടി സ്വീകരി ക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കഴിഞ്ഞ അക്കാദമിക് വർഷം സർക്കാർ സ്കൂളുകളിൽ 8-ാം ക്ളാസ് വരെ പഠിച്ചിരുന്ന എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആൺകു ട്ടികൾ ഒഴികെയുള്ളവർക്ക് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി വഴിയാണ് സൗജന്യ യൂണിഫോം വിതരണം ചെയ്തിരുന്നത്. ഈ അക്കാദമിക് വർഷം മുതൽ എയ്ഡഡ് മേഖലയിലെ സമാന കാറ്റഗറിയിൽ വരുന്ന കുട്ടികൾക്കുകൂടി യൂണിഫോം അനുവദിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. യൂണിഫോം വിതരണം കുറ്റമറ്റതാക്കുന്നതിനായി ഇ-ടെൻഡർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ അദ്ധ്യയന വർഷം ചെലവായ തുകയും ഈ വർഷത്തെ ആദ്യ അലോ ട്ട്മെന്റും നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ജൂൺ മാസം 10-ാം തീയതി ക്കകം ലംപ്സം ഗ്രാന്റ്/സ്റ്റൈപന്റ് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അവ ലഭിക്കാത്ത സ്കൂളുകളുണ്ടെങ്കിൽ അക്കാര്യം ചൂണ്ടിക്കാണിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കുമെന്നും പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അറിയി ച്ചു. 2014-15 അദ്ധ്യയന വർഷം മുതൽ പാഠ്യപദ്ധതി പരിഷ്ക

രിക്കുന്നതിനാവശ്യമായ നടപടി എസ്.സി.ഇ.ആർ.ടി. സ്വീകരിച്ചു വരുന്നുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25 (*242) <u>വരൾച്ചാ നാശനഷ്ടം</u>

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, കഴിഞ്ഞ വരൾച്ചയിൽ സംസ്ഥാനത്ത് ആകെ 7888.0965 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുള്ളതായി സഭയെ അറിയിച്ചു. നാല് ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് സമർപ്പിച്ച ആദ്യ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ 62.61 കോടി രൂപ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനമാകെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനുശേഷം എല്ലാ മേഖലകളിലെയും നഷ്ടം വിലയിരുത്തി സമർപ്പിച്ച 7888.0965 കോടി രൂപയുടെ അധിക ധനസഹായത്തിനായുള്ള മെമ്മോറാണ്ടവും 3936.81 കോടി രൂപയ്ക്കുള്ള പ്രത്യേക പാക്കേജും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. വരൾച്ചയെ നേരിടുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നേരിട്ടുപോയി വിലയിരുത്തലുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും വിവിധ ജില്ലകൾക്കായി 129 കോടി 28 ലക്ഷം രൂപ റവന്യൂ വകുപ്പിൽ നിന്നും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിക്ക് 57 കോടി രൂപയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് 22 കോടി രൂപയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് 13 കോടി രൂപയും നൽകുകയുണ്ടായി. ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുന്ന വാട്ടർ അതോറിറ്റിയുടെ

പ്രോജക്ടുകൾ ഐഡന്റിഫൈ ചെയ്ത് ഫണ്ട് അലോട്ട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. വരൾച്ച നേരിടുന്നതിന്റെ ഭാഗമായി ജില്ലാടിസ്ഥാനത്തിൽ ചിറകൾ സംരക്ഷിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുന്നതാണ്. നദികളിൽ ചെക്ക്ഡാം കെട്ടുക, കുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കുക, മഴവെള്ള സംഭരണികൾ ഉണ്ടാക്കുക എന്നീ മൂന്നിന പരിപാടികൾ നടപ്പാക്കുമ്പോൾ പാലക്കാടിനും ചിറ്റൂരിനും പ്രത്യേകം പരിഗണന നൽകുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

26 (*243) <u>ഹെവി മെയിന്റനൻസ് ഉൾപ്പെടുത്തിയുള്ള റോഡ്</u>

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഹെവി മെയിന്റനൻസ് ഉൾപ്പെടുത്തിയുള്ള റോഡ് നിർമ്മാണത്തിന് രൂപം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാന പാതകളുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും ഉപരിതലം ശാസ്ത്രീയമായി ബലപ്പെടുത്തി, അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി, ഒരു നിശ്ചിത കാലയളവുവരെ അതിന്റെ പരിപാലനം കരാറുകാരനെ ഏൽപ്പിക്കുന്നതാണ് ഹെവി മെയിന്റനൻസ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു റോഡ് ശൃംഖലയുണ്ടാകുന്നതുവഴി സുഗമമായ സഞ്ചാരം ഉറപ്പുവരുത്തുക, യാത്രാസമയം ലാഭിക്കുക, വാഹന പരിപാലനചെലവ് കുറയ്ക്കുക, അപകടങ്ങൾ കുറയ്ക്കുക എന്നിവയും ലക്ഷ്യമിടുന്നു. ഈ റോഡുകൾ കേടുപാടുകൾ കൂടാതെ ദീർഘകാലം പരിപാലിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനാൽ വർഷംതോറുമുള്ള അറ്റകുറ്റപ്പണികൾമൂലം വരുന്ന സാമ്പത്തിക ബാധ്യത ഒഴിവാകുന്നതാണ്. ഹെവി മെയിന്റനൻസ് ഉൾപ്പെടുത്തിയുള്ള റോഡ് നിർമ്മാണരീതി പൊതുമരാമത്ത് റോഡ്സ്

വിഭാഗത്തിന് പുറമെ കെ.എസ്.റ്റി.പി., കെ.ആർ.എഫ്.ബി., ആർ.ഐ.സി.കെ. മുതലായ ഏജൻസികൾ വഴിയും നടത്തുന്നു. പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിൽ ശബരിമലയിലേയ്ക്കുള്ള പ്രധാനപ്പെട്ട റോഡുകൾ ഹെവി മെയിന്റനൻസ് സ്കീമിൽ ഉൾപ്പെടുത്തി അഞ്ച് വർഷത്തെ മെയിന്റനൻസ് ഗ്യാരണ്ടിയോടുകൂടി, ബി.എം.&ബി.സി. ചെയ്ത് നവീകരിച്ചുവരുന്നു. സംസ്ഥാനത്തെ തിരക്കേറിയതും പ്രാധാന്യമുള്ളതുമായ ഉദ്ദേശം 100 കി.മീ. റോഡ് അഞ്ച് വർഷത്തെ ഹെവി മെയിന്റനൻസ് ഗ്യാരണ്ടിയോടുകൂടി പുതുക്കി പണിയുന്നതിനായുള്ള പദ്ധതി അന്തിമഘട്ടത്തിലാണ്. കെ.എസ്.റ്റി.പി. മുഖേന സാങ്കേതിക സാമ്പത്തിക സാധ്യതാ പഠനം നടത്തി ആദ്യഘട്ടമായി 500 കി.മീ. ദൈർഘ്യമുള്ള തിരഞ്ഞെടുത്ത റോഡുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏജിസ് ഇൻഡ്യ ലിമിറ്റഡ് എന്ന കൺസൾട്ടൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ്, പിലാത്ര-പാപ്പിനിശ്ശേരി റോഡ്, തലശ്ശേരി-വളവുപാറ റോഡ്, ചെങ്ങന്നൂർ-മൂവാറ്റുപുഴ എം.സി. റോഡ്, തിരുവല്ല ബൈപ്പാസ്, പുനലൂർ-പൊൻകുന്നം റോഡ്, പൊൻകുന്നം-തൊടുപുഴ റോഡ്, പെരുമ്പിലാവ്-പെരുന്തൽമണ്ണ റോഡ് എന്നിവ കെ.എസ്.റ്റി.പി.-യുടെ രണ്ടാംഘട്ട പദ്ധതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ മെയിന്റനൻസ് നടത്തുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും ദേശീയപാത 47-ൽ കരമന മുതൽ കളിയിക്കാവിള വരെയുള്ള പാത ഇരട്ടിപ്പിക്കൽ നടപടി ത്വരിതപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2584 മുതൽ T2933 വരെയുള്ള ചോദ്യങ്ങളിൽ 58 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)